സംബന്ധിച്ച് പഠനം നടത്തുന്നതിലേക്കായി പ്രൊഫ. ജയശങ്കർ ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. നൽകുകയുള്ളൂ. മറ്റു മേഖലകളിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(എഫ്) & (ജി) എൻജിനീയറിംഗ് കോഴ്സുകളിൽ അനുവദിക്കപ്പെട്ട സീറ്റിന് അനുസൃതമായി പഠനത്തിന് വിദ്യാർത്ഥികളെ കിട്ടുന്നില്ലെന്നുള്ള ആക്ഷേപത്തെത്തുടർന്നാണ് ഇനിയും കൂടുതൽ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തുന്നതിന് പ്രൊഫ. ജയശങ്കർ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്.

(എച്ച്) എയ്ഡഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടത്തിക്കൊണ്ടുപോകുന്ന ഐ. എച്ച്. ആർ. ഡി., എൽ. ബി. എസ്. തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനം സംവരണതത്ത്വം പാലിച്ചുകൊണ്ടാണ് നടത്തുന്നത്.

കൊച്ചിയിലെ അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എം. ബി. ബി. എസ്.

100 [3083] *പ്രൊഫ. എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മന്ത്രാലയത്തിൻകീഴിലുള്ള ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റിന്റെയും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെയും അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന കൊച്ചിയിലെ അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2002-ൽ കേരള പ്രവേശന കമ്മീഷണർ എത്ര പട്ടികവിഭാഗ വിദ്യാർത്ഥികളെ എം. ബി. ബി. എസ്. കോഴ്സിന് പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2003-ൽ ഡീംഡ് യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെട്ടശേഷം ടി സ്ഥാപനത്തിന്റെ നിയമാവലിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എത്ര ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2003, 2004 എന്നീ വർഷങ്ങളിൽ ഈ സ്ഥാപനത്തിൽ എം. ബി. ബി. എസ്., ബി. ഡി. എസ്., ബി.എസ്സി. നേഴ്സിംഗ് എന്നീ കോഴ്സുകളിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ വിഭാഗത്തിനു മതിയായ പ്രാതിനിധ്യം ലഭിക്കാതിരുന്നിട്ടുണ്ടെങ്കിൽ 2005-ലെ അഡ്മിഷനിൽ സംവരണതത്ത്വം പാലിക്കുവാനും 2003, 2004-ൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിനായി നൽകാതിരുന്ന സംവരണ സീറ്റുകൾ 2005-ൽ നികത്തുവാൻ നടപടി സ്വീകരിക്കുവാനും ഈ സ്ഥാപനത്തിന് നിർദ്ദേശം നൽകാമോ;

(ഇ) ഇത്തരത്തിൽ നിർദ്ദേശം നൽകുവാൻ കഴിയില്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചിയിലെ അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2002 വർഷം പട്ടിക ജാതിയിൽപ്പെട്ട 5 വിദ്യാർത്ഥികളെയും, പട്ടികവർഗ്ഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികളെയും എം. ബി. ബി. എസ്. കോഴ്സിന് പ്രവേശിപ്പിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) 2003 വർഷത്തിൽ അമൃത കോളേജ് ഓഫ് ഡന്റിസ്ട്രിയിൽ ബി.ഡി.എസ്. കോഴ്സിലേക്ക് രണ്ടു പട്ടികജാതി വിദ്യാർത്ഥികളെയും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥി യെയും പ്രവേശന പരീക്ഷാ കമ്മീഷണർ മുഖാന്തിരം പ്രവേശിപ്പിച്ചിട്ടുണ്ട്. എം. ബി. ബി. എസ്./ബി. എസ്സി. നേഴ്സിംഗ് കോഴ്സുകൾക്ക് 2003-ൽ പ്രവേശന പരീക്ഷ കമ്മീഷണർവഴി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. 2003-ൽ ഡീംഡ് യൂണിവേഴ്സിറ്റി പദവി ലഭിച്ചതിനുശേഷമുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി) & (ഇ) 2003-ൽ കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ടിന് ഡീംഡ് യൂണിവേഴ് സിറ്റി പദവി ലഭിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽനിന്നല്ല ഇപ്പോൾ ഇവിടെ പ്രവേശനം നടത്തിവരുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ നിയമാ വലിക്കനുസൃതമായി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

എ. ഐ. സി. റ്റി. ഇ.യുടെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ കുറവുവരുന്ന സീറ്റുകൾ

101 [3084] *ശ്രീ. കെ. എ. ചന്ദ്രൻ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ടി. എൻ. പ്രതാപൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഐ. സി. റ്റി. ഇ.യുടെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ എഞ്ചി നീയറിംഗ് കോളേജുകളിലുള്ള എത്ര സീറ്റുകൾ ഈ വർഷം കുറയും;

LIBRARY ARCHIVES Kerala Legislative Assembly